**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5892** **04.07.2019 ൽ മറുപടിക്ക്**

**ദേശീയപാതവികസനത്തിലെ പുതിയ കേന്ദ്ര നിർദ്ദേശം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ദേശീയപാതയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിലെ മുൻഗണനാ പദവി മാറ്റുകയും പിന്നീട് പുനസ്ഥാപിക്കുകയും ചെയ്തെങ്കിലും നിർമ്മാണച്ചെലവിന്റെ വിഹിതം സംസ്ഥാനം വഹിക്കണമെന്ന നിർദ്ദേശത്തിൽ കേന്ദ്രം ഇപ്പോൾ എന്തെങ്കിലും ഇളവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;<br><br>ബി) ഇല്ലെങ്കിൽ ഇതിനായി ജി.എസ്.ടി. വരുമാനത്തിലെ സംസ്ഥാന വിഹിതം ഒഴിവാക്കണമെന്ന കേന്ദ്ര നിർദ്ദേശം സർക്കാർ അംഗീകരിക്കുമോ;<br><br>സി) നിർമ്മാണവസ്തുക്കളായി കേരളത്തിലെ പാറയും മണലുമൊക്കെ ഉപയോഗിക്കുന്നത് സംസ്ഥാനവിഹിതമായി കേന്ദ്രം പരിഗണിക്കുമോ; എങ്കിൽ ഇതിനായി കേന്ദ്രാനുമതി ആവശ്യമാണോ എന്നറിയിക്കാമോ; | എ) ബി) & സി) ദേശീയപാത അതോറിറ്റി 02.05.2019, 09.05.2019 തീയതികളിലെ NHAI/OSD to Chairman/04/19 പ്രകാരം പ്രസിദ്ധീകരിച്ച മുൻഗണനാ പട്ടികയിൽ സംസ്ഥാനത്തെ ദേശീയപാതാ വികസനം (കാസർഗോഡ് ജില്ല ഒഴികെ) high priority 1-ൽ നിന്നും high priority 2 ലേക്ക് തരം താഴ്ത്തിയിട്ടുള്ളതാണ്, പ്രസ്തുത ഉത്തരവിൽ high priority 2-ൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളിൽ 3D വിജ്ഞാപനങ്ങൾ 3G അവാർഡുകൾ, നഷ്ടപരിഹാരതുക വിതരണം ചെയ്യൽ/കെട്ടിവെക്കൽ എന്നിവ സംബന്ധിച്ച കാര്യങ്ങളിൽ മുന്നോട്ട് പോകേണ്ടതില്ലെന്ന നിർദ്ദേശം റീജിയണൽ ഓഫീസർമാർക്ക് നൽകിയിട്ടുണ്ടായിരുന്നു. ഈ തീരുമാനം പുന:പരിശോധിക്കാൻ ബഹു.മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പ് മന്ത്രിയും കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രി നിധിൻ ഗഡ്കരിയോടു ആവശ്യപ്പെടുകയുണ്ടായി. 15/06/2019-ന് ഡൽഹിയിൽ വെച്ച് ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ വെച്ച് കേരളത്തിലെ ദേശീയപാത വികസനത്തെ (NH66) മുൻഗണനാക്രമം നിശ്ചയിച്ച് രണ്ടാം പട്ടികയിൽപ്പെടുത്തി ഇറക്കിയ ഉത്തരവ് റദ്ദാക്കിയതായി പ്രഖ്യാപിച്ചു. അതു റദ്ദാക്കിക്കൊണ്ട് NHAI ഇറക്കിയ 18/06/2019-ലെ ഓഫീസ് മെമ്മോറാണ്ടം സംസ്ഥാന സർക്കാരിനു ലഭിക്കുകയും ചെയ്തിട്ടുണ്ട്. 15/06/2019 ലെ യോഗത്തിൽ NH66 ന്റെ ഭൂമിയെടുപ്പിനു കേരളത്തിൽ വലിയ തുക നൽകേണ്ടി വരുന്നുണ്ടെന്നും, അതിന്റെ 25% സംസ്ഥാന സർക്കാർ വഹിക്കണമെന്നും കേന്ദ്രമന്ത്രി ആവശ്യപ്പെടുകയുണ്ടായി. അല്ലാത്ത പക്ഷം പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകാൻ ബുദ്ധിമുട്ടാണെന്നും ചർച്ചയിൽ പറഞ്ഞു. ഇക്കാര്യം സംസ്ഥാന സർക്കാർ ആലോചിച്ച് അറിയിക്കാമെന്നു ബഹു.മുഖ്യമന്ത്രി അറിയിക്കുകയും ചെയ്തു. പ്രസ്തുത വിഷയത്തിലെ കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശത്തിന്റെ പശ്ചാത്തലത്തിൽ 19.06.2019 ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കാസർഗോഡ് തിരുവനന്തപുരം ദേശീയപാത 66 വികസനത്തിന് ഭൂമി ഏറ്റെടുക്കലിന് |

ചെലവാകുന്ന തുകയുടെ 25% സംസ്ഥാനം വഹിക്കുന്ന കാര്യം സംസ്ഥാന സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ഡി) ചില ഘട്ടങ്ങളിൽ, സംസ്ഥാനവുമായി കൂടിയാലോചിക്കാതെ കേന്ദ്രം ഒറ്റയ്ക്കെടുക്കുന്ന തീരുമാനങ്ങൾ ദേശീയപാത നിർമ്മാണത്തിന് പ്രതിസന്ധി സൃഷ്ടിക്കുമെന്ന ആശങ്ക സർക്കാരിനുണ്ടോ; എങ്കിൽ ഇത് മറികടക്കാൻ എന്ത് നടപടികൾ കൈക്കൊള്ളുമെന്നറിയിക്കാമോ; വിശദാംശങ്ങൾ നൽകുമോ?

ഡി) ദേശീയപാത വികസനത്തിനായി ദേശീയപാത അതോറിറ്റി മുൻഗണനാക്രമം നിശ്ചയിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടപ്പോൾതന്നെ ബഹു.മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടു വരികയും കേരളത്തിലെ മുഴുവൻ റീച്ചുകളും High Priority-I ൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടു കൊണ്ട് കേന്ദ്രമന്ത്രിക്കും, NHAI ചെയർമാനും പൊതുമരാമത്തും രജിസ്ട്രേഷൻ വകുപ്പ് മന്ത്രി കത്തയക്കുകയുണ്ടായി മാത്രമല്ല വകുപ്പ് സെക്രട്ടറിയെ ഡൽഹിയിൽ അയച്ച് ഉദ്യോഗസ്ഥതലത്തിൽ ചർച്ച നടത്തുകയും ചെയ്തു. . അതിന്റെ അടിസ്ഥാനത്തിൽ ചെറിയ ഭേദഗതി മുൻ ഉത്തരവിൽ വരുത്തിയിരിക്കുന്നു. High Priority-2 ലെ പ്രോജക്ടുകൾ ഉപേക്ഷിച്ചതായി കണക്കാക്കേണ്ട എന്നും ഭൂമിയെടുപ്പിന്റെ പുരോഗതിക്കനുസരിച്ച് NHAI ഹെഡ് ക്വാർട്ടേഴ്സിന്റെ അംഗീകാരത്തിനു വിധേയമായി ഏറ്റെടുക്കുന്നകാര്യം തീരുമാനിക്കുമെന്നുമാണ് ഭേദഗതി എങ്കിലും Priority list ൽ മാറ്റമൊന്നും വരുത്തിയിട്ടില്ലായിരുന്നു. എന്നാൽ കേന്ദ്രത്തിൽ സമർദ്ദം ചെലുത്തുന്നതിനായി ബഹു. മുഖ്യമന്ത്രിയും പൊതുമരാമത്തു വകുപ്പ മന്ത്രിയും ഉന്നത ഉദ്യോഗസ്ഥരോടൊപ്പം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ മന്ത്രി നിധിൻ ഗഡ്കരിയുമായി 15-6-2019-ൽ ഡൽഹിയിൽ അദ്ദേഹത്തിന്റെ വസതിയിൽ വെച്ച ചർച്ച നടത്തുകയും, NHAI നിശ്ചയിച്ച മുൻഗണനാക്രമം അനുസരിച്ച കേരളത്തെ രണ്ടാം പട്ടികയിൽപ്പെടുത്തിയ നടപടി പുന:പ്പരിശോധിക്കണമെന്നും ചർച്ചയിൽ ആവശ്യപ്പെട്ടു. ഇക്കാര്യം പുന:പ്പരിശോധിച്ച തിരുത്താനാവശ്യമായ നടപടി സ്വീകരിച്ചതായും അദ്ദേഹം പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ രണ്ടുതരം priority നിശ്ചയിച്ച മുൻ ഉത്തരവ് റദ്ദാക്കിക്കൊണ്ട് 18-6-2019 ൽ ഇറക്കിയ NHAI യുടെ ഒരു ഉത്തരവ് പൊതുമരാമത്തുവകുപ്പ മന്ത്രിക്ക ലഭിക്കുകയുണ്ടായി.

ആയതിനാൽ ദേശീയപാത വികസനം മുന്നോട്ട കൊണ്ടുപോകുന്നതിൽ NHAI ക്കു നിലവിൽ തടസ്സങ്ങൾ ഇല്ലെന്നാണ് മനസ്സിലാക്കുന്നത്. സംസ്ഥാന സർക്കാർ ദേശീയപാത വികസനത്തിൽ സ്വീകരിച്ച പോസിറ്റീവ് സമീപനം NHAI യുടെ ഭാഗത്തുനിന്നും അതേ അളവിൽ ഉണ്ടായാൽ ദേശീയപാത വികസനം വേഗത്തിൽ യാഥാർത്ഥ്യമാക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ